കൂത്തുപറമ്പ് വെടിവയ്പുമായി ബന്ധപ്പെട്ട കേസുകൾ

64(805) ശ്രീ. കെ. സുധാകരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1994 നവംബർ 25-ന് അന്നത്തെ സഹകരണവകുപ്പുമന്ത്രിയായിരുന്ന ശ്രീ. എം.വി. രാഘവനെ വഴി തടഞ്ഞതിന്റെ പേരിൽ ഉണ്ടായ വെടിവയ്പ്പിൽ ചിലർ മരിച്ചതിനെ തുടർന്നുണ്ടായ പ്രതിഷേധ പ്രകടനത്തിൽ വസ്തുവകകൾ നശിപ്പിച്ചതിന്റെ പേരിൽ പയ്യന്നൂർ, കൂത്തുപറമ്പ്, പാനൂർ, കൊളുവല്ലൂർ എന്നീ പോലീസ് സ്റ്റേഷനുകളിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്യപ്പെട്ടു;

(ബി) ഇവയിൽ എത്രയെണ്ണം കോടതി മുൻപാകെ ചാർജ് ചെയ്തു;

(സി) ഈ കേസുകളിൽ എത്രയെണ്ണത്തിൽ പ്രതികൾ ശിക്ഷിക്കപ്പെട്ടു; എത്രയെണ്ണം പിൻവലിക്കപ്പെട്ടു;

(ഡി) അവയിൽ എത്രയെണ്ണം ഇപ്പോൾ നിലവിലുണ്ട്; അവയുടെ അവസ്ഥ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പയ്യന്നൂർ പോലീസ് സ്റ്റേഷൻ - 41
പാന്നൂർ പോലീസ് സ്റ്റേഷൻ - 28
കൂത്തുപറമ്പ് പോലീസ് സ്റ്റേഷൻ - 45
കൊളുവല്ലൂർ പോലീസ് സ്റ്റേഷൻ - 25

(ബി) പയ്യന്നൂർ - 29
പാന്നൂർ - 26
കൂത്തുപറമ്പ് - 41
കൊളുവല്ലൂർ - 24

(സി) ഈ കേസുകളിൽ ആരും ശിക്ഷിക്കപ്പെട്ടിട്ടില്ല. പയ്യന്നൂർ പോലീസ് സ്റ്റേഷനിലെ മൂന്നു കേസുകളും കൂത്തുപറമ്പ് പോലീസ് സ്റ്റേഷനിലെ എട്ട് കേസുകളും പിൻവലിച്ചിട്ടുണ്ട്.

(ഡി) പയ്യന്നൂർ പോലീസ് സ്റ്റേഷൻ : രജിസ്റ്റർ ചെയ്ത 41 കേസുകളിൽ 29 കേസുകൾ ചാർജ് ചെയ്തു. 6 കേസുകൾ തെളിയേണ്ടും പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 6 കേസുകൾ അന്വേഷണാവസ്ഥയിലാണ്.

പാനൂർ : 28 കേസുകൾ രജിസ്റ്റർ ചെയ്തു 26 കേസുകൾ ചാർജ്ജ് ചെയ്തു. 2 കേസ്സുകൾ തെളിയേണ്ടും പട്ടികയിൽ ഉൾപ്പെടുത്തി.

കൂത്തുപറമ്പ് : രജിസ്റ്റർ ചെയ്ത 45 കേസുകളിൽ 41 എണ്ണം ചാർജു ചെയ്യുകയും 2 കേസുകൾ തെളിയേണ്ടും പട്ടികയിലും ഒരു കേസ് മിസ്റ്റേക്ക് ഓഫ് ഫാക്ടസ് ആയും ഒന്ന് എഫ്.എ.ഡി.ആയും തീർപ്പുകൽപ്പിച്ചിട്ടുണ്ട്.

കൊളുവല്ലൂർ : 25 കേസുകൾ രജിസ്റ്റർ ചെയ്തു. 24 കേസുകൾ ചാർജ് ചെയ്തു. ഒരു കേസ് തെളിയേണ്ടും പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പയ്യന്നൂരിലെ 24 കേസുകളും, പാനൂരിലെ 20 കേസുകളും കൂത്തുപറമ്പിലെ 21 കേസുകളും കൊളുവല്ലൂരിലെ 15 കേസുകളും കോടതിയിൽ വിചാരണാവസ്ഥയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly